


# GHS KUPPADI DIGITAL MAGAZINE 2023-24

# GHS KUPPADI

**DIGITAL MAGAZINE 2023-24**

**പറക്കാം**

## EDITOR

**അയിഷ സേബ**

## SUB EDITORS

**ഷിഫ മറിയം സുരേഷ്**
**വൈഗ ജെ ആർ**
**ദീപ്ത പാർവണ**
**അലൻ ആന്റണി**

## EDITORIAL BOARD

**ലക്ഷ്മി മാനസ**
**അശ്വതി എം**
**അലൻ ഷിജു**
**ഫർഹാൻ പി എ**
**ഫാത്തിമ ഷെൻഹ**

## IDEA & SUPPORT

**അഖില എ കെ**
**അഭിജിത്ത് സേവ്യർ**





**EDITOR'S TEAM**

# ആശംസകൾ



റീത്താമ്മ ജോർജ്
ഹെഡ്മിസ്ട്രസ്

പ്രിയപ്പെട്ട ലിറ്റിൽ കൈറ്റ് കുട്ടികളെ,

ഇത്ര മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ നിങ്ങൾ തയ്യാറാക്കിയതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഈ മാഗസിൻ നിങ്ങളുടെ സർഗ്ഗാത്മകതയുടെയും കഴിവുകളുടെയും മികച്ച പ്രദർശനമാണ്. നിങ്ങളുടെ രചനാ വൈഭവം, കലാപരമായ കഴിവുകൾ, സാങ്കേതിക അറിവ് എന്നിവ ഈ മാഗസിനിൽ പ്രതിഫലിക്കുന്നു.

ഈ മാഗസിൻ ഒരുമിച്ച് ചേർന്ന് ഒരു ടീം എന്ന നിലയിൽ പ്രവർത്തിക്കാനുള്ള നിങ്ങളുടെ കഴിവ് തെളിയിക്കുന്നു. നിങ്ങളുടെ ഓരോരുത്തരുടെയും സംഭാവന ഈ മാഗസിനെ വിജയകരമാക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. നിങ്ങളുടെ അധ്യാപകരെയും രക്ഷിതാക്കളെയും ഞാൻ അഭിനന്ദിക്കുന്നു, അവർ നിങ്ങളെ ഈ മാഗസിൻ സൃഷ്ടിക്കാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തു. മാഗസിൻ നിങ്ങളുടെ യാത്രയുടെ ഒരു തുടക്കം മാത്രമാണെന്ന് ഞാൻ കരുതുന്നു. നിങ്ങളുടെ കഴിവുകൾ വികസിപ്പിക്കുകയും പുതിയ കാര്യങ്ങൾ പഠിക്കുകയും ചെയ്യണം. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ലിറ്റിൽ കൈറ്റ് ഒരു മികച്ച ഉപകരണമായി മാറട്ടെ.

നിങ്ങളുടെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.

# ആശംസകൾ



ലത്തീഫ് പി എസ്

പി ടി എ പ്രസിഡണ്ട്

കൂട്ടുകാരെ,

ആധുനിക ലോകം വിവര സാങ്കേതിക രംഗത്ത് അതിവേഗം വളരുകയാണല്ലോ. നമ്മുടെ വിദ്യാലയത്തിലെ കുട്ടികളും ഈ വളർച്ചയുടെ ഭാഗമാവുകയാണ്. ഐ ടി മേഖലയിൽ സ്കൂൾ പഠന കാലത്തു തന്നെ പരിശീലനം ലഭിക്കാനും കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും കൈറ്റിന് കഴിയുന്നുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന് വേണ്ടി കൈറ്റ്സ് നടപ്പിലാക്കുന്ന ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ ടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സിൽ'അംഗങ്ങളായ കുപ്പാടി ഗവ.ഹൈസ്കൂളിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ...



# EDITOR'S POINT

വാക്കുകളിൽ വർണ്ണം വിതറിക്കൊണ്ട് ചിന്തകളെ
അക്ഷരങ്ങളാക്കി മാറ്റിയ മാഗസിൻ താളുകളിലൂടെ
കടന്നുപോകുമ്പോൾ സ്നേഹത്തിന്റെയും
സൗഹൃദത്തിന്റെയും സന്തോഷത്തിന്റെയും
സങ്കടത്തിന്റെയും പ്രതീക്ഷയുടെയും വിവിധ ഭാവങ്ങൾ
കാണാൻ സാധിക്കും. ജാതിയുടെയും വർഗ്ഗത്തിന്റെയും
വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ
കെട്ടപ്പെടുമ്പോൾ അതിനെയെല്ലാം
അതിജീവിച്ചുകൊണ്ട് **പറന്നു**യരാൻ നമുക്ക്
സാധിക്കട്ടെ.

സാങ്കേതികവിദ്യ ഇന്ന് മനുഷ്യ ജീവിതത്തിൽ ചെലുത്തുന്ന
സ്വാധീനം വലുതാണ്. കമ്പ്യൂട്ടറിന്റെ ലോകത്തിലേക്ക് കുട്ടികളെ
കൈപിടിച്ചുയർത്താൻ ലിറ്റിൽ കൈറ്റ്സ് വളരെയധികം
സഹായിക്കുന്നുണ്ട്. ജി.എച്ച്.എസ് കുപ്പാടിയിലെ ലിറ്റിൽ
കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ,
കുഞ്ഞു മനസ്സുകളിൽ നിന്ന് വന്ന ഈ കൃതികൾ നിങ്ങളുടെ
മുൻപിൽ സമർപ്പിക്കുന്നു....

സ്നേഹത്തോടെ

അയിഷ സേബ

# OUR PROUDS

## ഉപജില്ല LK ക്യാംപിൽ പങ്കെടുത്തവർ

### Animation



Shifa Mariam Suresh



Aisha zeba



Farhan P.A

### Programming



Alan Antony



Alan shiju



Krishnendu R

# ജില്ല ക്യാംപിൽ പങ്കെടുത്തവർ



Aisha Zeba



Alan Shiju



Farhan P.A

# ചിറകുകൾ

അന്ന് ഞാൻ ജനിക്കുമ്പോൾ എനിക്ക് ചിറകുകൾ ഇല്ല എന്നാൽ ഇന്ന് എൻ വാർധക്യത്തിൽ എൻ ഞരക്കങ്ങൾക്കിടയിൽ ഞാൻ പറന്നു...

ഷിഫ മറിയം സുരേഷ്

# മഴ

ചന്നം പിന്നം പെയ്യുന്ന മഴയത്ത് പുതിയ കുടയും എടുത്ത് പാടവരമ്പത്ത് കൂടെ നടക്കുമ്പോൾ മഴത്തുള്ളിയെ തട്ടിത്തെറിപ്പിച്ച് നടക്കാൻ എന്ത് രസമാണ്. ഇടിമിന്നലിന്റെ ശബ്ദത്തോടൊപ്പം പെട്ടെന്ന് വന്നൊരു കാറ്റ് കുടയും തട്ടിപ്പറപ്പിച്ചു കടന്നുപോയി. പകച്ചു പോയെങ്കിലും മുഴുവൻ നനഞ്ഞു മഴയിലൂടെ നടക്കാൻ എന്തൊരു സുഖമാണ്.

ഫിദ ഫാത്തിമ

# വാക്കുകൾ

സർ പെട്ടെന്ന് ക്ലാസ്സിൽ കയറിവന്ന ഒരു കഥയോ കവിതയോ എഴുതാൻ പറഞ്ഞു. അതുപോലെ തന്നെ സർ ഒരു കാര്യം കൂടി പറഞ്ഞു അതാണ് ഈ ചിന്തയുടെ തലക്കെട്ട് **'വാക്കുകൾ'**

വാക്കിൻറെ ശക്തിയെ പറ്റിയാണ് സാർ
പറഞ്ഞത് ,ഞാനും ചിന്തിച്ചു വാക്കുകൾ എന്ന്
പറയുന്നത് ജീവിതത്തിലെ മൂർച്ചയേറിയ ഒരായുധമാണ്.
നമ്മൾ വേണ്ടയിടത്ത് അത് ഉപയോഗിച്ചില്ലെങ്കിലും
വേണ്ടാത്തിടത്ത് ഉപയോഗിച്ചാലും ദോഷമാണ്.

അശ്വതി എം


# ഇതൾ കൊഴിഞ്ഞ പൂവ്

ആരോ പറിച്ചിട്ട പൂവിൻറെ ഇതൾ
പൂവിൻറെ കണ്ണുനീർ മണ്ണിലേക്ക്
അലിയുന്നു ആരും അറിയാതെ
പോകുന്ന കണ്ണുനീർ

അൻസിഫ

# സ്വപ്നങ്ങൾ

സ്വപ്നങ്ങൾ കാണു അവയ്ക്ക്
ചിറകുകൾ ലഭിക്കാനായി
പ്രയത്നിക്കൂ. എ.പി.ജെ
അബ്ദുൽ കലാം പറഞ്ഞു



**ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം ഉറക്കം കെടുത്തുന്നതാണ് സ്വപ്നം**

ഈ വാക്കുകളെ പ്രചോദനമാക്കി ഉറക്കം കെടുത്തുന്ന സ്വപ്നത്തിന് ചിറകുകൾ നൽകാൻ ശ്രമിക്കാം

വൈഗ ജെ ആർ

# പുസ്തകം

പുസ്തകം ഒരു ലഹരിയായി നമുക്ക്
മാറ്റാം. ഈ ലഹരി ഒരിക്കലും നമുക്ക്
ദോഷം വരുത്തുന്നില്ല, ഇതൊരു
മാന്ത്രിക കവചമാണ്.



ജീവിതാവസാനം വരെ
ഒരു താങ്ങായി
തണലായി
കൂടെയുണ്ടാകും.

ലോകത്തിൻറെ അനന്തസാധ്യതകൾ
മനസ്സിലാക്കാനും ചിന്തിക്കാനും
പുസ്തകങ്ങൾ നമ്മെ സഹായിക്കുന്നു.
ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക്
നടന്നു നീങ്ങുവാൻ പുസ്തകങ്ങൾ
എന്നും വഴിവിളക്കായി നമ്മുടെ
കൂടെയുണ്ടാകും.

**സായി ശിവ**

# ഫുട്ബോൾ



ഇരമ്പുന്ന
സ്റ്റേഡിയത്തിനുള്ളിലായി 11
പേരും പറക്കുന്ന ബോളും..
മെസ്സിയും റൊണാൾഡോയും
നെയ്മറും ഭരിക്കുന്ന ഫുട്ബോൾ
ലോകം പകരുന്നു ആവേശം
ആരാധകരുടെ മനസ്സിൽ..

-സായി ശിവ

# യഥാർത്ഥ വിജയം

ഉയരത്തിൽ എത്തുമ്പോൾ ചവിട്ടി
വന്ന മണ്ണിനെയും ഉയർത്തിയ
കൈകളെയും ഹൃദയത്തിൽ
സൂക്ഷിക്കുമ്പോഴാണ് യഥാർത്ഥ
വിജയം ഉണ്ടാകുന്നത്

ലക്ഷ്മി മാനസ

## വിശപ്പിന്റെ വില

പട്ടിണിയുടെ വില അറിയണമെങ്കിൽ വിശപ്പ് എന്താണെന്ന് അറിയണം. ഏറ്റവും വലിയ വേദന എന്നത് ഒന്നും കിട്ടാത്ത വയറിന്റെ, വിശപ്പിന്റെ, വേദനയാണ്.



ഒരുനേരത്തെ ഭക്ഷണം കിട്ടാതെ അലയുന്ന കുട്ടികളെ ഓർക്കുമ്പോൾ എങ്ങനെയാണ് സുഹൃത്തുക്കളെ ഭക്ഷണം കളയാൻ നമുക്ക് തോന്നുന്നത്. കാണാതെ പോകരുത് അവരുടെ കണ്ണുനീർ... വിശപ്പിന്റെ കണ്ണുനീർ

ഫാത്തിമ നൗറിൻ

## ശിശുദിനം

ചാ ചാ ചാച്ചാജി
ചാച്ചാജിയുടെ ജന്മദിനം
റോസാപ്പൂവിനെ സ്നേഹിക്കുന്ന നമ്മുടെ
സ്വന്തം ചാച്ചാജി
കുട്ടികളെയും സ്നേഹിക്കും
നമ്മുടെ സ്വന്തം ചാച്ചാജി

3.B

# ഇ

നിൻ പൂമുഖം കാണുവാൻ കാത്തിരുന്ന ദിനം
നിൻ വിരൽ തുമ്പ് സ്പർശിച്ച നടക്കുവാൻ മോഹം
എന്നു നിന്നെ കാണുവാൻ കഴിയും
കാത്തിരിക്കുകയാണ് ഞാൻ...
നീയാണ് എൻ ലോകം
രാവ് പുലരും തോറും നിന്റെ
ഓർമ്മയാണ് എൻ  മനസ്സിൽ..
നീയെൻ മുൻപിൽ വരുമ്പോ
അലിഞ്ഞു പോവുകയാണെന്നുള്ളം....
നിൻറെ മനോഹരമായ ചുണ്ടുകൾ കാണുമ്പോൾ
ഒന്ന് ചുംബിക്കുവാൻ തോന്നും...

കീർത്തന രാജൻ

# കറുപ്പ്

ബെഡ്റൂമിലെ വാതിൽ തൂക്കിയിട്ട **കറുത്ത** ജാക്കറ്റ് കണ്ട് ഞാൻ പേടിച്ചു. പുറത്തുനിന്ന് **കറുത്ത** പട്ടിയുടെ കരച്ചിൽ കേട്ടു. ആരോ വിളിക്കുന്ന പോലെ തോന്നി ഞാൻ പുറത്തേക്ക് നടന്നു. പുറത്ത് **കറുത്തൊ**രു രൂപം നിൽക്കുന്നതായി തോന്നി. അടുത്തുചെന്നപ്പോൾ ആ **കറുത്ത** രൂപം ഓടിപ്പോയി. എന്താണെന്ന് അറിയാൻ ഞാനും ഓടി... ഓടിയെത്തിയത് നിബിഡമായ വനത്തിൽ, പോകാൻ വഴിയില്ല, ചുറ്റും **കറുപ്പ്** നിറം മാത്രം. എന്തുചെയ്യണമെന്നറിയില്ല...ഭയംകൊണ്ട് വീണ്ടും ഓടി... രാത്രിയുടെ **കറുപ്പിനെ** മുറിച്ചു കൊണ്ടുള്ള ഓട്ടം അവസാനിച്ചത് വെളുപ്പിന്റെ സൂര്യകിരണങ്ങൾ മുഖത്ത് വീണപ്പോഴാണ്.

അതുൽ കൃഷ്ണ

# യുദ്ധം

രാജ്യങ്ങൾ തമ്മിൽ യുദ്ധവെറി
നടത്തുന്ന കാലത്ത് ജനങ്ങൾ
പരിഭ്രാന്തർ ആവുന്ന നേരത്ത്
മരണം മുന്നിൽ കണ്ടു ഓടുന്ന ജനങ്ങളും
ജീവനുവേണ്ടി പരക്കംപായുന്ന കുട്ടികളും
തകർന്നുവീഴുന്ന സ്വപ്നങ്ങളും
നഷ്ടപ്പെടുന്ന പ്രതീക്ഷകളും
ലോകമേ നിങ്ങളിത് കാണുന്നില്ലേ ...???

അനുരാജ് കെ ജെ

## എൻറെ കുട

മഴയും വെയിലും കൊള്ളാതെ
ഉപയോഗിക്കാനുള്ളതാണ് കുട. കുടകൾ
പലതരത്തിലും നിറത്തിലുമുണ്ട് വലുതും
ചെറുതുമുണ്ട് എൻറെ കുട മഴവിൽ വർണ്ണങ്ങൾ
ഉള്ളതാണ് എൻറെ വീട്ടിൽ എല്ലാവർക്കും
പലതരം കുടകളാണ് ഉള്ളത്

സനുഷ 2 A

# ജീവിതയാത്ര

അനുഭവങ്ങൾ കൂട്ടിച്ചേർത്തിണക്കിയ ഒരു
പട്ടുനൂൽ ചങ്ങല...
ദുഃഖങ്ങൾ ദുരിതങ്ങൾ സന്തോഷ-
മാഹ്ലാദമെന്നിവ  ഇണങ്ങിയത്....
ദുഃഖ ദുരിതങ്ങളുടെ മുൾക്കിരീടം അണിയിച്ച്
സ്നേഹ സന്തോഷത്തിന്റെ പാൽക്കഞ്ഞിയൂട്ടുന്ന
വീരസാന്ദ്രമാം പുഴ, നദി, അരുവികളുടെയെല്ലാം
മഹാതീരം...

ഹൻഷ പർവീൺ 10.c

# തെരുവോരങ്ങളിൽ



എന്റെ അമ്മക്കില്ലാത്തസ്നേഹം
പോയ എന്റെ അച്ഛൻ അനിയത്ത
തെരുവോരങ്ങളിൽ
കഷ്ട്ടപെടുന്നു ഞാൻ
തെരുവോരങ്ങളിൽ ജീവിക്കുന്ന ഞാൻ
അമ്മ എന്നെ വിട്ട് ആകാശത്തേക്കു പറന്നു
തെരുവോരങ്ങളിൽ ചിരിച്ചും കളിച്ചും ഞാൻ
ജീവിക്കുന്നു...

റിൻസാ 7B

# മനുഷ്യ ജീവിതം



ദുരിതപ്പുഴ താണ്ടി ആനന്ദത്തിണ്ണയിൽ
സ്നേഹ സ്പർശ മാമ്പഴമേകുന്ന
മാലാഖമാർ അതി സുന്ദരിമാർ ...
ദാരിദ്ര്യ കടലിൻറെ ആഴങ്ങളിൽ
സ്വർണമഴ വർഷിക്കും ധനികലോകം
ഏതൊരു മനുഷ്യശക്തിയുടെയും
മനം കവർന്നെഴുന്ന ലോകമിത് ......
ഭൗമലോകത്തിൽ മനുഷ്യജീവിതം
കഷ്ടമാണെങ്കിലും
സ്വർഗ്ഗത്തിലവൻ ദാനശീലൻ
കണ്ണനീർത്തുള്ളികൾ വർഷിച്ച മണ്ണിലവൻ
ദാനത്തിൻ പൊന്മരം വച്ചുനീട്ടും ....

ഹൻഷ പർവീൺ 10.C

# വാവ മീനിനെ സംസാരിപ്പിക്കുന്നു...

ആട്, പൂച്ച, പശുവിനെകാട്ടി കരയുമൊച്ച
പഠിപ്പിക്കുമ്പോൾ വാതുറക്കാത്ത വായിക്കൊണ്ട്
വാവ അനുകരിക്കാൻ ശ്രമിക്കുന്നതെല്ലാം
മ്യാാവൂ ഇമ്പേ പറഞ്ഞു പറഞ്ഞ് മീനിരിക്കുന്ന
താളിലെത്തുമ്പോൾ മീൻ കരയുന്ന ഒച്ച
കേൾക്കാനായി കാതു കൂർപ്പിച്ചിരിപ്പായി കുഞ്ഞ്
മീൻ കരയുമോ? ആരാനുമുണ്ടോ മീനിനൊച്ച
ശ്രവിച്ചവരായി? ഭൂവിലാദ്യം പിറന്നവരെന്നാൽ
നാവില്ലാത്ത നിശബ്ദരൂപങ്ങൾ ഇന്നോളമവ
യെങ്ങനെയാവും സങ്കടങ്ങളായ ആവിഷ്കരിച്ചും?
ഒന്നുറക്കെ കരയണമെന്ന തോന്നലിനെ സംശയിപ്പിച്ചു

Anmaya Riyu 5C

# തെരുവോരങ്ങളിൽ നിന്ന്

ഓടയിൽ നിന്ന് കളിച്ചു
വളർന്നൊരി പാതി കണ്ണീരുകൾ കൂടെ നിന്നു
എന്നിട്ടും ഞങ്ങളേതു നടപടി . കാട്ടുന്നതെന്റെ തമ്പുരാനെ
എല്ലാരു മെല്ലാരും കരഞ്ഞു ചിരിചൊരി ഓടയാണിതെന്റെ
കൂട്ടുകാരെ

**ഷെൻഹ ഷെറിൻ 6.A**

# ജീവിതം വിഴുങ്ങുന്ന മാധ്യമങ്ങൾ



ഇന്നത്തെ കാലത്ത് നമ്മുടെ മുന്നിൽനിൽക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് വിദ്യാർഥികളെ സ്വാതീനിക്കുന്ന നവ മാധ്യമങ്ങൾ.വിദ്യാർഥികൾക്കുള്ളിൽ അത് മാത്രമായി മാറിയിരിക്കുകയാണ്. നവ മാധ്യമങ്ങൾ കാരണം ഭാവിയുടെ വരതാനങ്ങളായ ചെറിയ കുട്ടികൾ മുതൽ വലിയവർ  വരെ ഉള്ളവരുടെ ജീവൻ പൊലിയുന്നുണ്ട്.അവരവരുടെ ജീവിതലക്ഷ്യത്തിൽ പോലും എത്തി ചേരാനാകാതെ നവ മാധ്യമങ്ങളിൽ പിൻ തളക്കപ്പെട്ടിരിക്കുകയാണ് പലരും.നവ മാധ്യമങ്ങളിൽ ഏറ്റവും കൂടുതൽ വിദ്യാർഥികളിൽ ഇന്ന് സ്വാദീനംചെലുത്തുന്നത് ഇൻസ്റ്റാഗ്രാം ആണ്.ഈ മാധ്യമത്തിലൂടെ ഒരുപാട് വിദ്യാർഥികൾ ഇന്ന് ചതിക്കപ്പെടുന്നുണ്ട്.അത് കാരണം അവർ ആത്മഹത്യക്ക് പോലും തുനിയുന്നുണ്ട്.ഇക്കാലത് ഇത് ഒരു സ്വാഭാവിക കഥ ആയി മാറിയിരിക്കുകയാണ്.

പണ്ടുകാലങ്ങളിൽ കുട്ടികൾക്ക് കളിക്കുവാനും ആസ്വദിക്കുവാനും ആകെ ഉണ്ടായിരുണമത് പ്രകൃതി

മാത്രമാണ്.അന്നത്തെ കുട്ടികൾ കളിക്കുകയും ചിരിക്കുകയും ചെയ്തു.സമൂഹത്തിൽ ഇടപെട്ട്കൊണ്ടിരുന്നു.
പരസ്പര ബന്ധങ്ങൾ സ്ഥാപിച്ചുകൊണ്ടിരുന്നു. മണ്ണിനെഅറിഞ്ഞും മറ്റുള്ളവരെ അത് അറിയിക്കാനും ശ്രമിച്ചു കൊണ്ടിരുന്നു.എന്നാൽ ഇക്കാലത്തു കുട്ടികൾക്ക് അതിനുള്ള അവസരം നഷ്ട്ടപ്പെട്ട് കൊണ്ടിരിക്കുകയാണ്.
എല്ലാവരും സിറ്റികളിൽ പോയി താമസിക്കുന്നു.വീടുകളിൽ തന്നെ ചടഞ്ഞു കൂടി




ഇരിക്കുന്നു. പണ്ടു കാലത്ത് പുസ്തകങ്ങൾ ആസ്വദിച്ചു കൊണ്ടിരുന്ന അവർ ഇന്ന് മാധ്യമങ്ങളിലേക്ക് മാറുകയാണ്. വിദ്യാർത്ഥികൾക്ക് പ്രകൃതിയെ ആസ്വദിക്കാനറിയാതെ ആവുകയാണ്. ഇതൊക്കെ കൊണ്ടുതന്നെയാണ് ഇന്നത്തെ വിദ്യാർത്ഥികളെ മാധ്യമങ്ങൾ സ്വദിനിക്കുന്നത്. മാധ്യമങ്ങൾ നല്ലതുതന്നെയാണ്. പക്ഷെ ഇന്നത്തെ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ അറിയില്ല. മാധ്യമങ്ങളിലൂടെ നമ്മുക്ക് സംസാരിക്കുവാൻ കഴിയും. ഈ ചുറ്റുപാടും ഉള്ള പ്രശ്നങ്ങളിലൂടെ

പ്രതിരോധിക്കാൻ കഴിയും.മാധ്യമങ്ങൾ ഇന്നത്തെ കാലത്ത് അത്യാവശ്യം തന്നെ ആണ്. ഇതിലൂടെ ആണ് നമുക്ക് ഇന്ന് ലോകമെമ്പാടും നടക്കുന്ന കാര്യങ്ങൾ അറിയാൻ കഴിയുന്നത്. ശരിയായ രീതിയിൽ ഉപയോഗിച്ച് കഴിഞ്ഞാൽ നമ്മുടെ ജീവിതത്തെ ഒരുപാട് മെച്ചപ്പെടുത്തുവാൻ കഴിയും. നവ മാധ്യമങ്ങളിലൂടെ മെച്ചപ്പെട്ട വിദ്യാഭ്യാസം നമുക്ക് നേടാം. നമ്മുടെ ജീവിത ലക്ഷ്യത്തിനായി പ്രവർത്തിക്കാം. നമ്മുടെ ജീവിതത്തെ തന്നെ മെച്ച പെടുത്താൻ കഴിയും.



എന്നാൽ വിദ്യാർത്ഥികൾ ഈ നല്ലകാര്യങ്ങൾ ഒന്നും നോക്കാതെ ചീത്തകൂട്ടുകളിലേക്ക് പോവുകയാണ്. ചീത്തകൂട്ടുകെട്ടുകൾ സ്ഥാപിക്കുകയും അതിലൂടെ അവർ നമ്മെ പ്രകോപിപ്പിക്കുകയും നാം അത് മനസിലാകാതെ അവരോട് സംസാരിക്കുകയും ചെയുന്നു. അവർ നമ്മെ വ്യാജമായ കാര്യങ്ങൾ പറഞ്ഞ് അവരുടെ വഴിക്ക് നടത്തുകയാണ്. ഇതിലൂടെ നമ്മുടെ ജീവിതം തകരുകയും നാം വിദ്യാർത്ഥികൾ തെറ്റുകളിലേക്ക് വഴിതിരിയുകയും

ചെയുന്നു. വിദ്യാർത്ഥികൾ കുടുംബത്തോട് തുറന്ന് സംസാരിക്കാതെയാവുന്നു.വിദ്യാർത്ഥികൾ ലഹരിയായി മാധ്യമങ്ങളെ ഉപയോഗിക്കുന്നു ചീത്തകൂട്ടുകളിലൂടെ വിദ്യാർത്ഥികൾ ലഹരിക്കടിമയായി മാറുന്നു. ഇന്നത്തെ കാലത്ത് നമുക്ക് തന്നെ അറിയാം ലോകമെമ്പടുമുള്ള



കണക്കുകൾ എടുത്തുനോക്കിയാൽ ഏറ്റവും കൂടുതൽ ലഹരിക്കും നവമാധ്യമങ്ങൾക്കും അടിമപ്പെട്ടിരിക്കുന്നത് വിദ്യാർത്ഥികൾ ആയിരിക്കും എന്നതാണ് സത്യം. നവമാധ്യമങ്ങളിലൂടെ അവർ അവരുടെ ജീവിതത്തെ തന്നെ ഇല്ലാതാകുന്നുവെന്ന സത്യം.


ഇതിന്റെ പരിഹാരമയിത്തന്നെ ഈ സമൂഹത്തിൽ വിദ്യാർത്ഥികൾക്കായിട്ടുള്ള പഠനരീതികൾ സർക്കാർ ഏർപ്പെടത്തിയിരിക്കുന്നു. സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായിട്ടുള്ള ബോധവൽക്കരണ പരിപാടികൾ നടത്തികൊണ്ട് ഇരിക്കുകയാണ്. വിദ്യാർത്ഥികൾ സ്വന്തം അച്ഛനമ്മമാരോട് എല്ലാം തുറന്നു പറഞ്ഞാൽ തന്നെ ഒരു പരിധിവരെ ഈ പ്രശ്നങ്ങൾ നമുക്ക് തടയാൻ കഴിയും.ഭാവിവരദാനങ്ങൾ ആയ വിദ്യാർത്ഥികളെ നവ മാധ്യമങ്ങളുടെ സ്വാധിനത്തിൽ നിന്നും

തടയനായി സർക്കാർ ഒരു പദ്ധതികൾ നടത്തിവരുന്നു. നവമാധ്യമങ്ങളുടെ സ്വാധിനത്തിൽ നിന്നും വിദ്യാർത്ഥികൾ സ്വയം രക്ഷനേടണം. അതിനായി അവർ സ്വന്തം ലക്ഷ്യത്തിനായി പരിശ്രമിക്കുക. മാധ്യമങ്ങളിലെ ചീത്ത കൂട്ടുകെട്ടുകൾ സ്വയം പ്രധിരോധിക്കുക. ഏവരെയും സ്നേഹിക്കുക ജീവിതത്തിൽ വിജയം നേടുക. ഇതായിരുന്നു വിദ്യാർത്ഥികൾക്ക് നവ മാധ്യമങ്ങളുടെ സ്വാധീനത്തിൽ നിന്നും രക്ഷനേടാൻ കഴിയുന്ന ഏറ്റവും നല്ല മാർഗം.

Gayathri devi

**10c**

# പുഴകൾ




നാജിയ ഫാത്തിമ 5 B

# നവമാധ്യമങ്ങളും വിദ്യാർത്ഥികളും

ഇന്ന് യുവതലമുറയെ തകർത്തു കൊണ്ടിരിക്കുന്ന വൻ വിപത്താണ് സമൂഹമാധ്യമങ്ങൾ. പണ്ടുകാലങ്ങളിൽ മൊബൈൽ ഫോൺ വിളിക്കാൻ ഉപയോഗിക്കുന്ന ഒന്നായിരുന്നു.എന്നാൽ ഇന്ന് അതു മാറി ജനിച്ചുവീണ് ഒന്നര വർഷം കഴിയുമ്പോൾ തന്നെ കുട്ടികൾ യൂട്യൂബ് കാണാൻ തുടങ്ങുന്നു ഒരു മാനവരാശിയെ തന്നെ തകർക്കാനുള്ള കരുത്ത് നവമാധ്യമങ്ങൾക്കുണ്ട്.

കൗമാരപ്രായക്കാരിൽ വലിയ സ്വാധീനം ചെലുത്തി കൊണ്ടിരിക്കുന്ന ഒന്നായി തീരുകയാണ് ഇൻസ്റ്റഗ്രാം.ഒരു കുട്ടിയോട് ചോദിക്കുകയാണ് ദിവസത്തിൽ ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത് എന്തിലാണ്?മറുപടി ഇതായിരിക്കും മൊബൈൽ ഫോണിൽ.അവരുടെ വിലപ്പെട്ട സമയമാണ് നഷ്ടപ്പെടുന്നത് എന്ന് യുവജനത മനസ്സിലാക്കാതെ പോകുന്നു. മാധ്യമങ്ങളിൽ നല്ലതും ചീത്തതുമായ ഒരുപാട് കാര്യങ്ങളുണ്ട് നല്ലതേത് ചീത്തതേതെന്ന് വേർതിരിച്ചറിയാൻ കഴിയാതെ വരുന്നു.കുട്ടികൾക്ക് ഫോൺ ലഭിച്ചില്ലെങ്കിൽ വിഷാദരോഗം ഉണ്ടാകുന്ന തുടർന്ന് ആത്മഹത്യ ശ്രമിക്കുന്നു. യുവജനത ജീവിക്കുന്നത് സ്വപ്നലോകത്താണ്.സമൂഹമാധ്യമങ്ങൾ വഴി കണ്ടുമുട്ടുന്ന വ്യക്തികളുമായി ലഹരി കടത്തും കേസും മറ്റും. ജനിച്ചുവീണ അന്ന് മുതൽ പൊന്നുപോലെ നോക്കി വളർത്തിയ അമ്മയെയും അച്ഛനെയും ഉപേക്ഷിച്ച് ഇന്നോ ഇന്നലെയോ ഇൻസ്റ്റഗ്രാമിൽ കണ്ടുമുട്ടിയ ചെക്കനോടൊപ്പം റങ്ങി പോകുകയാണ്

പെൺകുരുന്നുകൾ.
എന്നിരുന്നാലും സമൂഹമാധ്യമങ്ങൾക്ക് ഒരുപാട് ഉപയോഗങ്ങളും ഉണ്ട്.വിദ്യാഭ്യാസത്തിനും വാർത്തകൾ അറിയുവാനും എല്ലാം നവമാധ്യമങ്ങൾ സഹായിക്കുന്നു. സ്വയം ഭാവി തിരിച്ചറിയേണ്ടത് നമ്മളാണ് സമൂഹമാധ്യമ കെണിയിൽ പെടാതെ നോക്കുക ലഹരി മാഫിയയിൽ നിന്നും മാറി നിൽക്കണം കൂടുതൽ സമയം ഫോണിൽ പാഴാക്കാതെ ഇരിക്കാൻ യുവജനതയ്ക്ക് ബോധവൽക്കരണ ക്ലാസ് നൽകണം ഒരു കുട്ടിയെ മാനസിക സമർത്ഥത്തിലേക്ക് നയിക്കുന്ന ഫോണിൽ നിന്ന് അകന്നുനിൽക്കുക ലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞ് പുതിയ തലമുറ മുന്നോട്ട് പോകേണ്ടതുണ്ട് അതിനായി നാമെല്ലാം ഒത്തൊരുമിച്ച് പ്രയത്നിക്കണം....

Aisha Zeba 9.A

## താരകപ്പെണ്ണ്

ആകാശത്തിലെ താരക പെണ്ണിന്
ഭൂമിയിൽ എത്താൻ കൊതിയാണേ
ചാഞ്ഞും ചെരിഞ്ഞും ഓരോ രാവും
പർവ്വത വീരനെ നോക്കുന്നേ ഇതുകണ്ട യോ
അമ്പിളി പെണ്ണിന്
താരക പെണ്ണിനോട് അസൂയയായി
ഓടിച്ചാടി സമയം തീർത്തവൾ
സൂര്യൻ ചേട്ടനെ കൊണ്ടുവരാൻ
സൂര്യൻ വന്നൊരു നേരത്തയോ
താരക പെണ്ണിനെ കാണാനില്ലേ

ദിന 2B

# മിന്നുവും മാളുവും

മിന്നുവും മാളുവും കൂട്ടുകാരാണ് ഒരിക്കൽ രണ്ടുപേരും ആരും അറിയാതെ പുറത്തേക്ക് പോയി. മിന്നു പറഞ്ഞു നമുക്ക് മണിമല കാട്ടിലേക്ക് പോകാം. മാളു പറഞ്ഞു അവിടെ ധാരാളം പൂക്കൾ ഉണ്ട് നമുക്ക് അവിടുന്ന് പൂക്കൾ പറിക്കാം അങ്ങനെ അവർ നടന്നു അവിടെ എത്തിയപ്പോൾ ഒരു പുലിയെ കണ്ടു. ആ പുലി അവരുടെ അടുത്തേക്ക് നടന്നുവരുന്നുണ്ടായിരുന്നു മിന്നുവും മാളും പേടിച്ച് തിരിച്ച് വീട്ടിലേക്ക് ഓടി. വീട്ടിൽ കയറി വാതിലടച്ചു സംഭവങ്ങളെല്ലാം അമ്മയോട് പറഞ്ഞു അമ്മ രണ്ടുപേർക്കും ചെറിയ അടി കൊടുത്തു എന്നിട്ട് പറഞ്ഞു ഇനി മുതിർന്നവർ പറയാതെ വീട്ടിൽ നിന്ന് പോകരുത് നമ്മളെ ഒരുപാട് സ്നേഹിക്കുന്നതുകൊണ്ടാണ് അമ്മമാർ അടിക്കുന്നത് നമുക്ക് എന്തെങ്കിലും പറ്റിയാൽ നമ്മുടെ അച്ഛനും അമ്മയ്ക്കും വിഷമമാകും

റിസ മെഹറിൻ 2C

# പുതുമഴ

മഴപെയ്തു വറ്റി വരണ്ട ഭൂമിയിൽ
പെട്ടെന്ന് ഇതാ കുളങ്ങൾ നിറഞ്ഞൊഴുകി
പാടുന്ന ജീവജാലങ്ങളുടെ സ്വരം
തവളകൾ ചാടി മീനുകൾ ചാടി മറിയുന്നു
ഇത് കാണുമ്പോൾ എൻ മനസ്സിൽ കുളിർമഴ
പെയ്യുന്നു
മഴയത്തുപാടും കുയിലുകളും
ഇതുകേട്ട് നൃത്തമാടുന്ന മയിലുകളും
എത്ര സുന്ദരമായ മഴ
എൻ മനസ്സിൽ പൊതുമഴ പെയ്തിരുന്നെങ്കിൽ

ഫാത്തിമ നസ്രിൻ 1 C

# കോഴിയമ്മയും കുട്ടികളും

തള്ളക്കോഴി കോ കോ
പുള്ളി കോഴിക്കുഞ്ഞുങ്ങൾ
ചപ്പും ചവറും ചിക്കിചിക്കി
ചുറ്റി നടപ്പൂ മുറ്റത്ത്
തള്ളക്കോഴി കോ കോ
പുള്ളി കോഴിക്കുഞ്ഞുങ്ങൾ
കോഴിക്കുഞ്ഞിനെ റാഞ്ചാൻ എത്തും
കാക്ക പരുന്ത് പൂച്ചച്ചാർ
ആരും അരികെ ചെല്ലേണ്ട
കൊത്തി അകറ്റും തള്ളച്ചി
തള്ളക്കോഴി കോ കോ
പുള്ളി കോഴിക്കുഞ്ഞുങ്ങൾ

നിഹാൽ

# അഗ്നി

ആദി രാവിന്റെ അനാദി പ്രകൃതിയിൽ
ആരംഭമിട്ടോരസംസ്കൃത ചിന്തയിൽ
നീറിയുറഞ്ഞുമുടഞ്ഞുമുരുകിയും
ഭൂതപ്രപഞ്ചമൊരുക്കും സനാതന
കാലമതിൻ്റെ ചെതുമ്പിലെരിഞ്ഞൊരു
നാളമുയർന്നു തെളിഞ്ഞതാണഗ്നി നീ
സൂരചക്രത്തിലൊതുങ്ങി വിളങ്ങിയ
വീരരസത്തെപകർന്നു
കൊടുക്കയാൽ
തൻ കരൾ വിഴുങ്ങുവാനെത്തുന്ന വൻകഴുകന്റെ
ചിറകടിയേൽക്കിലും
ഞെട്ടാതദമ്യമായി തത്ധിരാചക്രത്തിൽ
അത്ഭുതവീര്യമായി
നിന്നതാണഗ്നി നീ.

Devika 6c

# *INDIA IN MOON*

The big dream of india is soft land on the moon. Moon is satelight of the earth.Chaandrayan 1 was a win.
But Chaandrayan 2 is fail ,it become more pains.Then Chaandrayan3 was go on to the moon in 2023
July 14,The theme of the ISRO is softland on the center of the moon. Finally , august 23 the lander
(vikram) land on the surface of moon The Indian peoples were waiting for the moment. The peoples expectation were true that time. The media was flash the news. The first country that soft
land on the centre of the moon that record was got for india.
The another countries was appreciate india for this.This was the historical moment in the world.
This day was very memorable in the Indian peoples. The ISRO chairman is Dr somanathan.
This moment I was proud.

Mridhula K R 8.C

# *INDIA IN MOON*

We are Indians. India reaching moon after a failure in 2019 is big inspiration, every Indians our there. Chaandrayan1,Chaandrayan2,Chaandrayan3 these are our hardwork to the moon Chaandrayan 1 is the first mission to the moon in 2013. It was a big succession.The next mission Chaandrayan2 to the but it failed. The sadest moment but Chaandrayan 3 it was a very successful and pleasurful to Indians,in2023. It was our wonderful moment.
Chaandrayan 3 slaped to made fun humans .
Now is planning the next mission. Indians are waiting for the next mission.

Alan shiju 9c

# INDIA IN MOON
# FAILURE TO THE  VICTORY

Our proud india had become more proud.We start early in 2013.At our first experiment Chaandrayan1 one of our nations proud. One of our successful mission. So many countries fly to luna.
But every one first mission failed but our mission not failed at the first back at 2019 we launched
Chaandrayan2.but it failed everyone mocked us. But at 2023  for the answer for everyone for zenith of
our  nation for the goal. We launched Chaandrayan3. We launched and soft landed in india.
We reaching in moon with our intelligence rover pragyan.
We proud india had become more proud.
Through this we achieve one of the countrysoft landed in
Moon. Next is our mission to make  humans to go in moon .It will be a succesful  mission.

Shifa Mariam Suresh 9c

# THE INDIANS IN MOON

We are going to the zenith.Our India is building up to the moon. Chaandrayan I Chandrayan II Chaandrayan III , these three are our hardwork to moon.In 2013,that was our Ist mission to moon,it was very success mission .The chaandrayan I it is India’s pleasure to our citizens . But chaandrayan II was big failure at 2019 . But we don’t give up we returns with the next mission chaandrayan III in 2023 , it was our big and wonderfull success . Now India is planning for the next mission .

Our all blesses are there for Indias next mission .

Alan Antony 9c

# India in Moon

India achieved it, India is touch the moon. It’s the proud moment of the Indian history.

Chandrayan first launched very successfully. In 2009 it is a proud date. It was also a part of Indian history.

“India in moon” it is a true and proud statement. Moon is the only Satellite of earth. It has the very precious thing that. India touched the moon. Our first mission was launched in 2009. India made somany experiment, One of that is Chandrayan 2.

Chandrayan 2 successfully prepared to land on moon. All are waiting for it. Everybody expect more. But the expectation not long more. Chandrayan 2 was was floap. It is a sadful news to everybodys heart. Indian Space Research Organization (ISRO) make Indians proud and happy. ISRO proved that all are success but we save all hard work, by the mission Chandrayan2.

Chandrayan 3 was successfully touched SouthPole in August 2023. Chandrayan 3 launched on July 14th. Now we have a big challenge. Now we want complete with Russia to touch first South Pole.

Everyones prayers and expectations makes Chandrayan 3 successful.Finally we achieve it. Everyones hard work was won.

Nandhana Ravi 8 c

# India in Moon

India in Moon Yes, our India achieve it. India was which country touch Moons South pole first our India our ISRO make we proud. Our first moon mission is Chandrayan 1st our First Mission was success. We found the trace water in Moon.

Moon is the one and only satellite of the earth. Moon have trace of water like our earth. India made so many experiment at last India have success Chandrayan 2. The Lander of Chandrayan Named Vikram. Chandrayan 2 Launched. Everyone in the world wait with curiosity. But it flopped. We cant successes it.

After few years India fouond again Chandrayan 3. India have many many expectations. ISRO launched it. We are again waiting with curiosity. Chandrayan 3 can our expectation make Reality? Thst is big and valuable question for Indians. Now we have a big challenge. Now we want competate with Russia to touch first Southpole of Moon. Yes we heard a good news for India and the bad news for Russia. Russias mission was flop. So Now we waiting for Chandrayan 3 can touch the moon. Finally Our Mission was success on August 23rd. Yes Now our expectation made reality. Chandrayan 3 was the mission of India,which country touched South Pole Moon,the biggest achieve for India, ISRO , Indian Space Research Organization it is the best name for it. The meaning full name. Finally our India in Moon.

Krishnendu. R 9.A

# BIG DREAM OF INDIA

India’s biggest dream is Chandrayan mission . For this wish of India ,The Peoples worked hard . In this wish many problems they faced. For the wish of India the ISRO made the landers for the mission. By taking many years.

At first the scientists formed the rockets to mission moon controlled by their own and launched the landers with in the animals. The lander take the photos and transmitted to the earth. At first India launched Chandrayan 1 with the peoples. In the Appollo 11 they travelled to the moon. They are three peoples. Neil Armstrong is the first foot in the moon. They landed and collect the soil in the moon and successfully come back to the earth. This is the first successful of India to the moon. Next they launched Chandrayan 2 and they in this mission flopped.

Atlast today get very effort launched Chandrayan 3 successful in 2023 on July 14. They expected very beautiful day. In the flop of Chandrayan 2 they cried lot. They did except that flop of India. But in Chandrayan 3 the people really expected the success of Chandrayan 3. They controlled very carefully and atlast the lander take place in the space . On August 21 and successfully launched on August 23. It is a very happiest moment for India and the People worked for that mission. The lander tell the launch of lander to the controls and they cried with happiness. This happiness the Director of ISRO Somanathan told the people happily . The lander take the photos of South Pole . This is the mission which land the South Pole of moon at 1st in the World. They found that there were some water. They hoped that there would be people can live.

This is the success of India . The People of Indians proud in the success of this mission and we called this mission INDIA IN MOON.

# താളുകളിൽ നിന്ന് ചരിത്രം ചീന്തിയെറിയുമ്പോൾ...



ഗാന്ധിയും ഗോഡ്സെയും ദിവസങ്ങളായി
തുടരുന്നവാഗ്വാദത്തിലായിരുന്നു
ഒടുവിൽതാൻ
ആത്മഹത്യചെയ്യപ്പെട്ടതാണെന്ന
തിരിച്ചറിവിൽ തലതാഴ്ത്തി
പിൻതിരിഞ്ഞ
ഗാന്ധിയുടെ കണ്ണിൽനിന്നും ഇറ്റു
വീണ
നീർത്തുള്ളികൾ ചെന്ന് പതിച്ചത്-
ചരിത്രംചീന്തിയടർത്തിയപ്പോൾചോര പൊടിഞ്ഞ
താളുകളുടെ അവശേഷിപ്പുകളിലായിരുന്നു
ചോരയോ കണ്ണീരോ എന്നു
തിരിച്ചറിയും മുൻപേ അതൊഴുകിയൊഴുകി
വരകളാൽ വികൃതമാക്കപ്പെട്ട
ഭൂപടത്തിന്റെ വക്കുകളിലൂടെ പടർന്നു കയറി

അനിത TR

## അറിഞ്ഞില്ല



"നൊന്തു തന്നെയാണ്
പെറ്റത്
ലാളിച്ചു തന്നെയാണ്
വളർത്തിയത്
സ്നേഹം കൊണ്ട് ശ്വാസം
മുട്ടിയപ്പോൾ
നെഞ്ചോടൊന്ന്
ചേർത്തമർത്തിയതാണ്
പുളഞ്ഞുപോയി,
നിറയെ മുള്ളുകളായിരുന്നു
ഇലയിലും തണ്ടിലും മാത്രമല്ല-
ഇതളുകളിൽ പോലും!"

അനിത TR

# കാട്ടാടിനെ പോലെ നമ്മളും

ഒരു കാട്ടാട് കാട്ടിലൂടെ മേഞ്ഞു നടക്കുകയായിരുന്നു അപ്പോഴാണ് ഒരു വേട്ടക്കാരൻ തൻറെ നേരെ അമ്പെയ്യാൻ ഉന്നം വെക്കുന്നത് കണ്ടത്.പേടിച്ചരണ്ട കാട്ടാട് അടുത്ത് കണ്ട വള്ളിപ്പടപ്പിനുള്ളിലേക്ക് കുതിച്ചോടി അതിനുള്ളിൽ പതുങ്ങി കിടന്നു.

വേടൻ ഏറെ തിരഞ്ഞെങ്കിലുംവേടൻ ഏറെ തിരഞ്ഞെങ്കിലും ആടിനെ കണ്ടെത്താനായില്ല അയാൾ നിരാശനായി തിരിച്ചു പോയി വേട്ടക്കാരൻ സ്ഥലം വിട്ട് ബോധ്യമായപ്പോൾ ആട് മെല്ലെ എഴുന്നേറ്റു അത് വള്ളിപ്പടർപ്പിലെ തളിരിലകൾ കടിച്ചു തിന്നാൻ തുടങ്ങി.

അപ്പോൾ വള്ളിപ്പടർപ്പ് ചോദിച്ചു:"ആടെ ആടെ കാട്ടാടേ,നിൻറെ ജീവൻ രക്ഷിച്ചത് ഞങ്ങളല്ലേ എന്നിട്ടും നീ ഞങ്ങളെ തിന്ന് നശിപ്പിക്കുകയാണോ?
"ങ്ഹും,നിങ്ങളെന്നെ രക്ഷിച്ചെന്നോ ഞാൻ നിങ്ങളുടെ ഉള്ളിൽ ഒളിച്ചിരുന്നു രക്ഷപ്പെട്ടത് അല്ലേ എന്നിട്ട് ഇപ്പോൾ എന്നെ രക്ഷിച്ചു എന്ന് പറയുന്നു. എനിക്കിപ്പോൾ നല്ല വിശപ്പുണ്ട്."

എന്നുപറഞ്ഞ് ആട് കൂടുതൽ ആവേശത്തോടെ വള്ളിപ്പടർപ്പിലെ ഇലകൾ കടിച്ചു വലിച്ചു തിന്നാൻ തുടങ്ങി.
വള്ളി പടർപ്പിലെ ഇലകൾ അനങ്ങുന്നത് കണ്ട് വേട്ടക്കാരൻ തിരിച്ചുവന്നു. അയാൾ ആടിനെ കണ്ടു വീഴ്ത്തി.

നമുക്കു ജീവനു സഹായമായി നിലകൊള്ളുന്ന അനേകം വസ്തുക്കൾ ഉണ്ട് പ്രകൃതിയിൽ.അവയുള്ളത് കൊണ്ടാണ് സുഖമായി ജീവിക്കാൻ കഴിയുന്നത് എന്നാൽ നാം അത്ര കാര്യമാക്കുന്നില്ല അവയെ താൽക്കാലിക നേട്ടങ്ങൾക്കായി നശിപ്പിച്ചു കൊണ്ടിരിക്കുകയാണ് മരങ്ങൾ മുറിക്കുന്നതും കുന്നുകൾ ഇടിച്ചു നിരപ്പാക്കുന്നതും വയലുകളും തന്നെ തടങ്ങളും നികത്തുന്നതും ഒക്കെ ഉദാഹരണം. അത് അവസാനം നമ്മുടെ നാശത്തിന് കാരണമായേക്കാം;കാട്ടാടിന്റെ അനുഭവം പോലെ!

അയിഷ സേബ
9A

# ഗാന്ധിജിയും മുടി വെട്ടുകാരനും

ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ബാരിസ്റ്റർ ജോലി ചെയ്യുന്ന കാലം നഗരത്തിലെ ഒരു ഹയർ കട്ടിംഗ് സലൂണിൽ അദ്ദേഹം മുടി വെട്ടാറായി ചെന്നു.

വെള്ളമില്ലാത്തവരുടെ തലമുടി താൻ വെട്ടി കൊടുക്കില്ലയെന്ന് അയാൾ പറഞ്ഞു.എന്നാൽ വെള്ളക്കാർ നൽകുന്ന അത്രയും പണം താൻ നൽകാം എന്നായി ഗാന്ധിജി.എത്ര പണം കിട്ടിയാലും വെള്ളക്കാരല്ലാത്തവരെ ഞാൻ എൻറെ കടയിൽ പ്രവേശിപ്പിക്കാനുള്ള എന്ന് അയാൾ ശാഠ്യം പിടിച്ചു. അന്ന് താമസ സ്ഥലത്ത് മടങ്ങിയെത്തിയ ഗാന്ധിജിയുടെ കയ്യിൽ പുറത്തുനിന്നു വാങ്ങിയ കത്രികയും ചീപ്പും ഉണ്ടായിരുന്നു.വരാന്തയിൽ ഒരു കണ്ണാടി സ്ഥാപിച്ച്അതിനുമുന്നിൽ ഇരുന്ന് ഗാന്ധിജി തന്റെ മുടി വെട്ടി ദക്ഷിണാഫ്രിക്കയിലെ ഇരുണ്ട നിരക്കാരുടെ അവസ്ഥ മനസ്സിലാക്കിയ ഗാന്ധിജി മനുഷ്യത്വരഹിതമായ വർണ്ണവിവേചന നയത്തിനെതിരെ പോരാടാൻ മുന്നിട്ടിറങ്ങി.

അയിഷ സേബ
9A

# നമ്മുടെ ഭരണഘടന

## January 26-Republic day

1950 ജനവരി 26ന് ഇന്ത്യ ജനാധിപത്യ റിപ്പബ്ലിക്കായി മാറി വ്യക്തമായ ഒരു ഭരണഘടനയുടെ കീഴിലേക്ക് രാജ്യം മാറിയത് എന്നാണ് റിപ്പബ്ലിക് എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു രാഷ്ട്രത്തിലെ ജനങ്ങൾക്ക് ആവശ്യമായ നിയമനിർമാണവും നടത്തിപ്പും എങ്ങനെയാണെന്ന് വിവരിക്കുന്നതാണ് ഭരണഘടന.

ലോകത്ത് എഴുതപ്പെട്ട ഭരണഘടനകളിൽ ഏറ്റവും വലിയ ഭരണഘടനയാണ് ഇന്ത്യയുടേത് ഭരണഘടന നിർമ്മാണ സഭയാണ് ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകിയത് ഭരണഘടന നിർമ്മാണ സഭയാണ് .1946 ഡിസംബർ 9നാണ് ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭ നിലവിൽ വന്നത് ഡോക്ടർ രാജേന്ദ്രപ്രസാദ് ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയുടെ ചെയർമാൻ വിവിധ കമ്മിറ്റികളായി തിരിച്ചതിനശേഷം ആണ് സഭ പ്രവർത്തനം ആരംഭിച്ചത് ഇതിൽപെട്ട ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചുമതല ആയിരുന്നു ഭരണഘടന എഴുതി തയ്യാറാക്കൽ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാനാണ് ഡോക്ടർ ബി ആർ അംബേദ്കർ .രണ്ടുവർഷവും 11 മാസവും 16 ദിവസവുമാണ് ഭരണഘടനനിർമ്മിക്കാൻ എടുത്ത സമയം.1949 നവംബർ 26ന് ഭരണഘടന അംഗീകരിച്ച എങ്കിലും 1950 ജനവരി 26നാണ് പ്രാബല്യത്തിൽ വന്നത് വിവിധ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്ന് പലതും ഇന്ത്യൻ ഭരണഘടന നിർമ്മാണത്തിൽ മാതൃകയാക്കിയിട്ടുണ്ട്.

WE THE PEOPLE OF INDIA (നാം ഇന്ത്യൻ ജനത)എന്ന അർത്ഥവത്തായ വാക്കുകൊണ്ട് ആരംഭിക്കുന്ന ഇന്ത്യൻ ഭരണഘടനയിൽ 22 ഭാഗങ്ങളും 395 വകുപ്പുകളും 12 ഷെഡ്യൂളുകളും അടങ്ങിയിരിക്കുന്നു.

ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വന്ന ജനവരി 26 റിപ്പബ്ലിക് ദിനമായി ആചരിക്കുന്നു

അയിഷ സേബ

9A

# കനൽ കൂട്ടിലിരിയുന്ന പക്ഷി

കനൽ കൂട്ടി എരിയുന്ന നിൻറെ ഇടറിയ

ഗാനത്തിൻ സ്വരത്തിൽ

അലിഞ്ഞുചേരുന്ന രാത്രിതൻ  ശോഭ അറിയുന്നുവോ നീ....

നിൻ ഗാനത്തിൻ സ്വരത്തിൽ രാത്രിതൻ ഇരുളമയിൽ

മൂളുന്ന  മൂങ്ങപോലും നിശ്ചലമായി..,.

സൂര്യപ്രകാശത്തിൽ തിളങ്ങുന്ന മഞ്ഞുതുള്ളികളിൽ

നിൻ സ്വരം പ്രതിഫലിക്കുന്നു...

പുലരിതൻ ഈറനണിഞ്ഞ പുൽനാമ്പുകളും

നിലാവാർന്ന രാത്രികളും നിൻ  സ്വരങ്ങൾ ഏറ്റുപാടുന്നു

മൃദുല കെ ആർ

# ആത്മഹത്യ

നിസ്സാര കാര്യങ്ങൾക്ക് കയറിൽ

തൂങ്ങിക്കിടന്നാടുമ്പോൾ ചെയ്യുന്നവർക്ക് ഒരു

സുഖമാണ് കാണുന്നവർക്ക് അതൊരു ഭയവും...

എന്തിനു ചെയ്തു.... ? അറിയില്ല....

വീട്ടുകാർ എന്തോ പറയുന്നു... നാട്ടുകാർ

എന്തോ പറയുന്നു... കൂട്ടുകാരൻ

എന്തോ പറയുന്നു.... അറിയില്ല ....കാരണം

അറിയില്ല... തൂങ്ങിയാടുന്ന ശരീരത്തിൽ

നിന്ന് ആത്മാവിനൊപ്പം അതിൻറെ കാരണവും

മറഞ്ഞുപോയി....

നിരഞ്ജന ബാനു

# പ്രണയയാമങ്ങൾ

പ്രണയത്തിൻറെ തേൻതുള്ളികൾ
മഴയായി പൊഴിഞ്ഞ് പ്രാണനമായി
അലിയുന്ന അതിലെ നീറ്റ് പോളക്ക്
തുല്യമാം സ്നേഹം ഹൃദയത്തിലെ ചെറു
മാത്രകൾ ചെറു ചുംബനത്തിൻ താളമാം
ഈറനണിഞ്ഞ പുല്ലാംകുഴൽ നാദം
അതിൻ ചെറുനാദം നെഞ്ചിൽ തുളയുന്ന
പ്രണയങ്ങൾ പൊഴിഞ്ഞ
കണ്ണുകൾ

നന്ദന രവി

# കണക്ക് സർ

കണക്ക് പഠിപ്പിക്കുന്ന സാർ ഒരു പാഠം കഴിഞ്ഞപ്പോൾ ആ പാഠത്തിലെ കുറച്ച്സമവാക്യങ്ങൾ ഞങ്ങളോട് ചോദിച്ചു. ഞങ്ങളെല്ലാവരും ചറപറ തെറ്റുത്തരങ്ങൾ

പറഞ്ഞു. അപ്പോൾ സാർ ഞങ്ങൾക്ക് അഞ്ചു വട്ടം ഇമ്പോസിഷൻ തന്നു.

പിറ്റേദിവസം വന്നപ്പോൾ പരീക്ഷയിട്ടു. അതിലും ഞങ്ങൾ തെറ്റിച്ചു. അപ്പോൾ സാർഒരു കുട്ടിയെ വിട്ട് വടിയെടുക്കാൻ പറഞ്ഞു. വടിയെടുത്തു വന്നപ്പോൾ, അടികൊള്ളാൻ

തയ്യാറായി നിന്ന ഞങ്ങളോട് സാറ് പറഞ്ഞു "എനിക്ക് നിങ്ങളെ അടിക്കാൻ തോന്നുന്നില്ല

നാളെ പഠിച്ചിട്ടു വരണമെന്ന് "

.

അഭിനന്ദ് PA, നിഖിൽ PS

# ഉത്സവം

ഉത്സവം അതിന്റെ പകിട്ട്
പറഞ്ഞറിയിക്കാൻ പറ്റൂലട്ടോ
ചെണ്ടയുടെ താളം ങ്ങട് കേക്കുമ്പോ
എന്തു ത്രില്ലാന്നറിയോ
സിനിമ കാണുന്നതിലും അപ്പുറം

മുഹമ്മദ് ആദിൽ

# മഴ

തിരി മുറിയാമഴ പെയ്യും നമ്മുടെ
തിരുവാതിരയിന്നെവിടെ പോയ്
കർക്കിടകമാസ കാറ്റെവിടെ
കുളിരെത്തിക്കുന്നൊരു ധനു എവിടെ
പുലരിയോളം കാത്തിരുന്നു ഞാൻ
മനം കുളിർന്നൊരു മഴ കിട്ടാൻ
ഇടതടവില്ലാത്ത ഉലയുന്ന കാറ്റിലായ്
കടപുഴകി വീണൊരു ചക്കരത്തേന്മാവ്
ഒത്തിരി വിഷമത്താൽ ഞാൻ നോക്കി നിന്നൊരാ
തേന്മാവിൻ കൊമ്പിന്റെ ആത്മനൊമ്പരത്തെ
അകലെയായ് മഴമേഘ പാളികൾ
തുളുമ്പുവാൻ വെമ്പുന്ന നിറകണ്ണുമായ്

Hiba Nazrin 8C

# വംശനാശത്തിലേക്ക് ഒഴുകുന്ന മഴ

കാലങ്ങൾ നീങ്ങുന്നതുപോലെ കാർമേഘങ്ങൾ നീങ്ങി പോകുന്നു മനുഷ്യന്റെ കടന്നുകയറ്റം മനുഷ്യന് തന്നെ ആപത്താണ് ചൂട് കൂടുമ്പോൾ വെള്ളം ശേഖരിക്കാൻ ഒരു സ്ഥലം പോലുമില്ല അത് എല്ലാ മനുഷ്യൻ തന്നെ നശിപ്പിച്ചിരിക്കുന്നു വെള്ളം കുറയും തോറും മനുഷ്യരും മാറ്റും ജീവജാലങ്ങളും ഇല്ലാതാവും പതിയെ പതിയെ ഓരോന്ന് നശിക്കുകയാണ് മനുഷ്യന്റെ പ്രവർത്തനങ്ങൾ മൂലം ചൂടു കൂടുകയും ഭൂമിയിലെ ജലത്തിൻറെ അളവ് കുറയുകയും ചെയ്യുന്നു

നമുക്ക് ജലം വേണമെങ്കിൽ നമ്മൾ തന്നെ സൂക്ഷിക്കണം വെള്ളത്തിലെ ജീവജാലങ്ങൾക്ക് സംസാരിക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ മനുഷ്യനെ പറ്റി ആയിരിക്കും അവർ സംസാരിക്കുക കാരണം നമ്മൾ അവരുടെ വീടുകൾ നശിപ്പിക്കുന്നു നിന്നെത്തന്നെ സംരക്ഷിക്കാൻ കഴിയില്ലെങ്കിൽ നീ പിന്നെ ആര് സംരക്ഷിക്കും

Anzil
8C

# യാത്രാവിവരണം വൈത്തിരി പാർക്ക്

ഞങ്ങൾ ഇന്ന് വൈത്തിരി പാർക്കിലേക്ക് ആണ് യാത്ര പോകുന്നത് ഞങ്ങൾ 8:30ന് യാത്ര ആരംഭിച്ചു നല്ല ഭംഗിയുള്ള കാഴ്ചകൾ ഞങ്ങൾ പോകുമ്പോൾ കണ്ടു. അവിടെയെത്തിയപ്പോൾ 10 പത്തര മണിയായി. ഞങ്ങൾ എല്ലാ റൈഡുകളിലും കയറി കളിച്ചു അങ്ങനെ ഉച്ചയായി ഞങ്ങൾക്ക് ഭക്ഷണം കഴിക്കാനുള്ള സമയമായി ബിരിയാണിയായിരുന്നു കഴിച്ചത് അങ്ങനെ ഞങ്ങൾ കളിച്ചു കഴിഞ്ഞു അതിനുശേഷം ഞങ്ങൾ വെള്ളത്തിൽ ആയിരുന്നു കളിച്ചത ് അവിടെ ഏറെ നേരം കളിച്ചു വെള്ളത്തിൽ കളിച്ചു കളിച്ചു കഴിഞ്ഞപ്പോൾ ഞങ്ങൾ ചായ കുടിക്കാനായി പുറപ്പെട്ടു ചായയും പഴംപൊരിയും ആയിരുന്നു ഭക്ഷണം ചായക്ക് ശേഷം വൈത്തിരി പാർക്ക് നിന്ന് തിരിച്ച് യാത്ര പുറപ്പെട്ടു തിരികെ വരുന്ന വഴിയിലെ കൃഷ്ണഗിരി ക്രിക്കറ്റ് സ്റ്റേഡിയം കണ്ടു അവിടെ ക്രിക്കറ്റ് കളി നടക്കുന്നുണ്ടായിരുന്നു പിന്നീട് ഞങ്ങൾ സ്കൂളിലേക്ക് തിരിച്ചെത്തി അവിടെനിന്നും എല്ലാവരും അവരവരുടെ വീടുകളിലേക്ക് തിരിച്ചു പോയി

അനഘ 4B

# എൻറെ ബോട്ട് യാത്ര

ഞങ്ങൾ ഈ ക്രിസ്മസ് അവധിക്ക് ടൂർ പോയത് ആലപ്പുഴ ബോട്ട് യാത്രയ്ക്കാണ് ഒരു നല്ല യാത്രാനുഭവമാണ് എനിക്ക് ലഭിച്ചത് മുൻകൂട്ട ബുക്ക് ചെയ്ത ഹൗസ് ബോട്ടിൽ ആയിരുന്നു ഞങ്ങളുടെ യാത്ര ശനിയാഴ്ച രാവിലെ അഞ്ചുമണിക്ക് ഞങ്ങൾ പപ്പയുടെ കൂട്ടുകാരുമൊത്ത് പത്തു പേരകിടങ്ങുന്ന സംഘവുമായി ഒരു കാറിൽ യാത്ര പുറപ്പെട്ടു ഞാൻ കാറിൻറെ സൈഡ് സീറ്റിൽ ആയിരുന്നു ഇരുന്നത് രാവിലെ എട്ടു മണിയായപ്പോൾ ഞങ്ങൾ പോകുന്ന വഴിക്ക് ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു 11 മണിക്ക് ആലപ്പുഴയിൽ എത്തി കാർ അവിടെ പാർക്ക് ചെയ്തതിനശേഷം ബോട്ടിൽ കയറി ഞാൻ ആദ്യമായിട്ടാണ് ബോട്ടിൽ കയറുന്നത് നല്ല രസമുണ്ടായിരുന്നു എന്തിനും ഏതിനും വള്ളങ്ങളെ ആശ്രയിക്കുന്ന ഒരു ജനതയാണ് ആലപ്പുഴയിൽ ഉണ്ടായിരുന്നത് ഹൗസ് ബോട്ട് വീടിന് സമാനമായ സജ്ജീകരണങ്ങൾ ഒരുക്കിയ ഒന്നായിരുന്നു ഹൗസ് ബോട്ടിന്റെ അടുക്കളയും മുറികളും മറ്റു മുറികളും അടിപൊളിയായിരുന്നു കേരളത്തിലെ ഏറ്റവും വലിയ കായൽ ആയ വേമ്പനാട്ട് കായലിലൂടെ പുത്തൻ സിനിമാഗാനങ്ങൾ കേട്ടുകൊണ്ട്ഞങ്ങൾ ഹൗസ് ബോട്ടിൽ സഞ്ചരിക്കുമ്പോൾ എന്റെ മനസ്സ് സന്തോഷം കൊണ്ട് തുള്ളിച്ചാടുകയായിരുന്നു യാത്രയ്ക്കിടയിൽ വെള്ളത്തിലെ കുഞ്ഞോളങ്ങളെയും കായലോരങ്ങളുടെ നീന്തിന നടക്കുന്ന താറാവുകളെയും ഞാൻ വീഡിയോ എടുത്തുമാത്രമല്ല ഹൗസ് ബോട്ടിൽ മുന്നിൽ നിന്നുകൊണ്ട് ഒരു സെൽഫിയും എടുത്തു ഡാൻസ് കളിച്ചു ഉച്ചയ്ക്ക് നല്ല അടിപൊളി ഭക്ഷണം ലഭിച്ചു അതിനുശേഷം ഞങ്ങൾ ഹൗസ് ബോട്ടിലെ മുറിക്കുള്ളിൽ അൽപനേരം വിശ്രമിച്ചു വൈകുന്നേരം ആയപ്പോൾ ഇളം സൂര്യരശ്മികൾ കായലോളങ്ങളിൽ തട്ടി തിളങ്ങുന്ന കാഴ്ച വളരെ മനോഹരമായിരുന്നു ആറുമണിക്ക് ബോട്ടിൽ നിന്ന് ഇറങ്ങി മനോഹരമായ ഒരു യാത്രയായിരുന്നു അത്

# പട്ടം

ഞാനിന്ന് പറക്കാൻ പോവുകയാണ് എന്ത്
രസമാണ് .ഞാൻ ആകാശത്ത്
എത്തി കളകളം ഒഴുകുന്ന അരുവികൾ
ഞാനും കിളികളെ പോലെ
പറക്കുന്നു അതെന്റെ സ്കൂൾ മൈതാനത്ത്
കുട്ടികൾ പട്ടം പറപ്പിച്ച്
കളിക്കുന്നു മരങ്ങളെല്ലാം എന്ത്
ചെറുതാണ് കൊച്ചു കൊച്ചു വീടുകൾ
മലകൾ പൂക്കൾ എന്തുരസമാണ്
ഇന്നത്തെ യാത്ര നല്ല രസമായിരുന്നു

നിറ്റ്സ

# പുതുമഴ

മഴപെയ്തു വറ്റി വരണ്ട ഭൂമിയിൽ

പെട്ടെന്ന് ഇതാ കുളങ്ങൾ നിറഞ്ഞൊഴുകി

പാടുന്ന ജീവജാലങ്ങളുടെ സ്വരം

തവളകൾ ചാടി മീനുകൾ ചാടി മറിയുന്നു

ഇത് കാണുമ്പോൾ എൻ മനസ്സിൽ കുളിർമ പെയ്യുന്നു
മഴയത്തുപാടും കുയിലുകളും
ഇതുകേട്ട് നൃത്തമാടുന്ന മയിലുകളും
എത്ര സുന്ദരമായ മഴ
എൻ മനസ്സിൽ പൊതുമഴ പെയ്തിരുന്നെങ്കിൽ

ഫാത്തിമ നസ്രിൻ 1 C

# മഴയെത്തും നേരം

മാനം കറുത്തിരുളുന്നു ഭുവനിയിൽ
മാലോകർ വെമ്പൽ പായുന്നു
ഹുങ്കാരമോതിയെത്തുന്നു കൊടുംകാറ്റ്
സംഹാര നൃത്തമാടുന്നു
മേഘചിറകിൽ ഒളിപ്പിച്ച വെള്ളിവാൾ
ഭൂമിക്കു നേരെ പായുന്നു
ദിക്കുകുകൾ പൊട്ടിത്തകർക്കും വിജ്രംഭനം
അട്ടഹാസം മുഴക്കുന്നു
കോരിച്ചൊരിഞ്ഞെത്തുന്ന പേമാരി
നീരറ്റ മണ്ണിൻ സുകൃതം

Nandhana 8c

# ബുള്ളറ്റ്

കേരളത്തിലെ യുവാക്കളോട് അവരുടെ ഏറ്റവും ഇഷ്ടപ്പെട്ട വണ്ടി ഏതാണെന്ന് ചോദിച്ചാൽ ഒരുപക്ഷേ എല്ലാവരും ഒരുപോലെ പറയുന്ന ഒരു പേരുണ്ട് ബുള്ളറ്റ് .




ബുള്ളറ്റിന്റെ തുടക്കം വളരെ വിചിത്രമായിരുന്നു. കഥ തുടങ്ങുന്നത് ബ്ലാക്ക് വൈറ്റ് കാലഘട്ടത്തിലാണ്. എല്ലാം തുടങ്ങുന്നത് ഒരു സൂചിമുനയിൽ നിന്നാണ് ,തയ്യിൽ സൂചികൾ നിർമ്മിക്കുന്ന ഒരു കമ്പനിയായിരുന്നു എൻഫീൽഡ്. പിന്നീട് സൈക്കിൾ ഉണ്ടാക്കാൻ തുടങ്ങി. അങ്ങനെ ഉണ്ടാക്കിയ സൈക്കിളിന് അവർ ഒരു പേരിട്ടു റോയൽ എൻഫീൽഡ് തുടർന്ന് സൈക്കിളിൽ ആദ്യമായി മോട്ടോർ ഘടിപ്പിച്ചു അതാണ് ആദ്യത്തെ റോയൽ എൻഫീൽഡ് മോട്ടോർസൈക്കിൾ.

ഒരു പക്ഷേ പ്രായ ഭേദ വ്യത്യാസമില്ലാതെ എല്ലാ വാഹന പ്രേമികളും പറയും ബുള്ളറ്റ് ഒരു വികാരമാണ്

അതുൽ സന്തോഷ്

# വിദ്യാഭ്യാസത്തിൻ്റെ പ്രാധാന്യം

നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് വിദ്യാഭ്യാസം. അതിലൂടെ നമ്മുടെ അറിവും കഴിവും മെച്ചപ്പെടുത്തുകയും മൊത്തത്തിലുള്ള വ്യക്തിത്വവും മനോഭാവം വികസിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിൽ വളരെ വലിയ മാറ്റങ്ങൾ കൊണ്ടുവരുവാൻ വിദ്യാഭ്യാസത്തിന് സാധിക്കുന്നു. ഈ ലോകത്തെ മാറ്റിമറിക്കാനും, അഭിമുഖീകരിക്കാനും, പോരാടാനും, നിലനിൽക്കാനും വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു. അത് നമ്മുടെ ജീവിതത്തിൽ സന്തോഷവും വെളിച്ചവും പകർന്നു തരുന്നു .



വിദ്യസമ്പന്നനായ ഒരു വ്യക്തി എപ്പോഴും എവിടെയും ബഹുമാനിക്കപ്പെടുന്നു നമുക്ക് സ്വപ്നം കാണാൻ കഴിയുമെങ്കിൽ അത് നേടാനും കഴിയും, അതിനു നമുക്ക് ഉണ്ടായിരിക്കേണ്ട ഒരു ശക്തമായ ആയുധം തന്നെയാണ് വിദ്യാഭ്യാസം. അത് ഉപയോഗിച്ച് നമ്മുടെ എല്ലാ സ്വപ്നങ്ങളും സാക്ഷാത്കരിക്കാം. പുതിയ അറിവുകൾ നേടുന്നതിനും പുതിയ ആശയങ്ങൾ പരിവേഷണം ചെയ്യുന്നതിനും വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു. വിദ്യ നമ്മെ പരാജയത്തിലേക്ക് നയിക്കുകയില്ല, പരിശ്രമിച്ചാൽ എന്തും നേടാനുള്ള ശക്തി അത് നമുക്ക് തരുന്നു.

നന്ദന എൽ.എൽ

# സ്വപ്നലോകം



അവൻ കണ്ണുതുറക്കുമ്പോൾ രാത്രിയായിരുന്നു ചുറ്റും നോക്കി ആരുമില്ല. ഒരു കൊടും വനത്തിന്റെ നടുവിൽ എത്തിപ്പെട്ടതുപോലെയാണ് അവന് തോന്നിയത് . അവൻ എഴുന്നേറ്റ് മുന്നോട്ട് നടന്നു പെട്ടെന്ന് അവനൊരു കുഴിയിലേക്ക് വീണു. നിസ്സഹായ അവസ്ഥയിൽ അവൻ ഇരുണ്ട ആകാശത്ത് നിലാവുള്ള ചന്ദ്രനെ നോക്കിയിരുന്നു . അവൻ ആരെയോ പ്രതീക്ഷിച്ച് ഒച്ചവച്ചു പക്ഷേ ആരും വന്നില്ല. അവനെ കുഴിയിലിരുന്ന് ആലോചിക്കാൻ തുടങ്ങി എങ്ങനെയാണ് അവൻ ഈ വനത്തിൽ എത്തിയത്. ആലോചിച്ച് ആലോചിച്ച് അവൻ ആ കുഴിയിൽ കിടന്നുറങ്ങിപ്പോയി.

രാവിലെ സൂര്യകിരണങ്ങൾ അവനെ എഴുന്നേൽപ്പിച്ചു. അവൻ കരുതിയത് പോലെ അത് ആഴമുള്ള കുഴി ഒന്നുമല്ലായിരുന്നു. ഒന്ന് ആഞ്ഞു ചാടിയാൽ അവനു മുകളിൽ എത്താം. അവൻ അതിൽ നിന്ന് കയറി ചുറ്റും അത്ഭുതത്തോടെ നോക്കി.

അതിസുന്ദരമായ ഒരു കാടാണത് ചുറ്റും പച്ചപ്പ് മാത്രം. ആ കാടിനെ അവൻ ആവോളം ആസ്വദിച്ചു. പെട്ടെന്ന് വളരെ വലിപ്പമുള്ള കഴുകന്റെ രൂപമുള്ള പക്ഷി അവനെ ആക്രമിക്കാൻ ശ്രമിച്ചു. ജീവനും കൊണ്ട് അവൻ ഓടി പക്ഷേ ആ ഭീകരരൂപം അവനെ റാഞ്ചി എടുത്തു.

അവൻ ഞെട്ടി ഉണർന്നു...

അപ്പോൾ അമ്മ അവനോട് പറഞ്ഞു "എഴുന്നേൽക്കെടാ സ്കൂൾ അവധി ആണെന്ന് വെച്ച് പോത്തുപോലെ കിടന്നുറങ്ങിയാലോ, പോയി പല്ലു തേക്ക്".

ഫർഹാൻ പി എ

# സ്നേഹം

എനിക്ക് സ്നേഹം വേണം
അത് പ്രകടമായി തന്നെ കിട്ടണം
ഉള്ളിൽ സ്നേഹമുണ്ട്
പക്ഷേ പ്രകടിപ്പിക്കാൻ ആവില്ല
എന്നതിൽ ഞാൻ വിശ്വസിക്കുന്നില്ല
ശവകുടീരത്തിൽ വന്ന്
പൂവിട്ടാൽ ഞാൻ അറിയുമോ ?



- മാധവിക്കുട്ടി

തുറന്നെഴുതി വിപ്ലവം തീർത്ത പ്രണയിനിയായ കവയത്രിയായിരുന്നു ആമി.

ജീവിച്ചിരിക്കുമ്പോൾ പരസ്പരം സ്നേഹം പ്രകടിപ്പിക്കാതെ മരണമടഞ്ഞതിനുശേഷം പൂവിട്ടത് കൊണ്ടോ കണ്ണുനീർ പൊഴിച്ചത് കൊണ്ടോ സ്നേഹം അനുഭവിക്കാൻ കഴിയില്ല.

സ്നേഹം എപ്പോഴും തുറന്നു പ്രകടിപ്പിക്കാൻ ഉള്ളതാണ്.സ്നേഹം കൊണ്ട് ഈ പ്രപഞ്ചത്തെ തന്നെ പുനസൃഷ്ടിക്കാൻ നമുക്ക് കഴിയും. സ്നേഹിക്കപ്പെടുന്നവർക്ക് വേണ്ടി എന്തും വിട്ടുകൊടുക്കാൻ തയ്യാറാകുമ്പോഴാണ് യഥാർത്ഥ സ്നേഹം ഉണ്ടാവുന്നത്

നിവേദ്യ രാജു

# ജനൽ അരികിലെ ഒരു ദിവസം

പാതി തുറന്ന ജനൽ അരികിലൂടെ ഇളം കാറ്റ് അരച്ച് റൂമിലേക്ക് കയറി പുക പിടിച്ച കലണ്ടറിലേക്ക് നോക്കി അമ്മ പറഞ്ഞുഇന്നേക്ക് എട്ടു ദിവസമായി മഴ തുടങ്ങിയിട്ട് ഒന്നു നിർത്തിക്കൂടെ ഈ മഴയ്ക്ക് ഈ മഴയിൽ അച്ഛനെ ജോലി എവിടുന്ന് കിട്ടാൻ അടുക്കളയിൽ നിന്ന് പാത്രങ്ങളോടൊപ്പം അമ്മ പുലമ്പാൻ തുടങ്ങി ഇനിയുള്ള ദിവസം കഴിച്ചുകൂട്ടാൻ ഒരു പോലുമില്ല കലണ്ടറിലേക്ക് പതിയെ നോക്കിയപ്പോൾ പേന വെച്ച് അമ്മ വട്ടം ഇട്ടു വച്ചിട്ടുണ്ട് തിരുവോണമായി എൻറെ കൊച്ചു മനസ്സിൽ പല മോഹങ്ങളും ഉയർന്നു പുതിയ ഉടുപ്പുകൾ അത്തപ്പൂക്കളം പക്ഷേ ഇതൊന്നും നടക്കാൻ പോകുന്നില്ല എന്നത് എനിക്കറിയാമായിരുന്നു

അപ്പുവിന് ശ്വാസംമുട്ടലിനുള്ള മരുന്ന് തീർന്നു ജനാലയിലൂടെ പുറത്തേക്ക് നോക്കിയാൽ എനിക്ക് പുറത്തോട്ട് ഇറങ്ങാനുള്ള ദിവസങ്ങൾ കഴിഞ്ഞു ഓണത്തിന് ഒരു ദിവസമരിക്ക് അമ്മു ആ ജനാലയടച്ചൻ അപ്പുവിന് ശ്വാസംമുട്ട് തുടങ്ങും ഓണത്തിന് പൂക്കളം പോയിട്ട് സദ്യ വെക്കാൻ പോലും അരിയില്ല അമ്മ പറഞ്ഞു

മഴയെ സ്നേഹിച്ച എനിക്ക് ഇപ്പോൾ മഴയോട് ദേഷ്യമായിരിക്കുന്നു. പക്ഷേ എൻറെ മനസ്സിൻറെ വിഷമങ്ങൾ മാറ്റുന്ന ഒരു കാഴ്ച കണ്ടു പാതി തുറന്ന ജനലിലൂടെ ഒരു ബോഗൺ വില്ലയിൽ വനയുന്ന എട്ടുകാലി പൊട്ടിപ്പോയതെങ്കിലും പിന്നെയും പിന്നെയും നീയുകയായിരുന്നു ആത്മവിശ്വാസം കൈവിടാതെ പുറകിലോട്ട് പോകാതെ മുന്നിലോട്ട് കുതിച്ചു

നീങ്ങുന്ന ആ മനസ്സ് എനിക്ക് ഒരു ആത്മവിശ്വാസമായിരുന



മൃദുല 8C



# കത്തിജ്വലിക്കുന്ന മഴ

കത്തിജ്വലിക്കുന്ന ഹൃദയവുമായി
ഒഴുകുന്ന ജലമായി വരും
മഴയാകുന്ന അമ്മയെ
നീയാണ് ആശ്വാസ ധായകം
ഒരുതുള്ളി മഴകൊള്ളാൻ
കൊതിക്കുന്ന മനസ്സുകളിൽ
അത്യാഗ്രഹം തരും
മഴയാകും മനോഹരി
മനുഷ്യനാൽ നശിക്കുന്ന
ഭൂമിതൻ കവിൾത്തട്ടിൽ
നിൻറെ ചുടുകണ്ണീർ
മാലോകർക്ക് എല്ലാം ഒരു
പാഠമാകട്ടെ
തോടായി പുഴയായി
അരുവിയാൽ
മഴയെ നിൻ സഹോദരങ്ങൾ
നിന്നെ മാടി വിളിക്കുന്നു
നീ മുഖം തിരിക്കരുത്
അമ്മയായി നീ തണൽ
നൽകേണമേ
മാലോകർക്കും
സർവ്വചരാചരങ്ങൾക്കും

Hiba Nazrin
8C

# മറക്കാനാവാത്ത മഴ



പണ്ട് വൈകുന്നേരങ്ങളിൽ മഴപെയ്യുമ്പോൾ ഞാൻ മുറ്റത്തോട്ട് നോക്കി സങ്കടപ്പെട്ട് നിൽക്കുമായിരുന്നു. കാരണം മഴയെ തടുക്കാൻ കഴിയില്ലല്ലോ എന്ന് ചിന്തിച്ച് എല്ലായിടത്തും പല കുട്ടികൾ മഴയത്ത് കളിക്കുന്നത് കാണുമ്പോൾ കൊതിയാവാറുണ്ടായിരുന്നു . അങ്ങനെ ഒരു ദിവസം ഞാൻ ആ പേരും മഴയെറിഞ്ഞു ആരും പുറത്തില്ലാത്തപ്പോഴാണ് ഞാൻ ഇറങ്ങിയത് മഴത്തുള്ളികൾ ചാടികളിച്ചു കൊണ്ടിരിക്കുമ്പോൾ അമ്മ വടിയുമായി മുന്നിൽ നിൽക്കുന്നു പേടിച്ച് കണ്ട് ഞാൻ പുറത്തോട്ട് കൂടി തോർത്തുകൊണ്ട് ദേഹം തുടച്ചു പക്ഷേ അമ്മ എന്നെ പിടിച്ചു രണ്ട് അടിയും തന്നു അതോടെ ഞാൻ എന്റെ മഴയത്ത് കളി നിർത്തി ഇന്നെനിക്ക് മറക്കാനാവാത്ത ഒരു മഴയും അനുഭവമാണ് വീണ്ടും പേമാരികൾ ചെയ്യുമ്പോൾ എനിക്ക് നോവുള്ള അതിലേറെ മധുരമുള്ള ഈ മഴ ഓർമ്മ വരും

JOLGA 8 C

